ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 26.05.2024**

## പ്രധാനവാർത്തകൾ

1. **ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവസാന ഘട്ടത്തിലേക്കുള്ള പ്രചാരണം ഊർജിതം. പ്രധാനമന്ത്രി നരേന്ദ്രമോദി ഉത്തർ പ്രദേശിലും കോൺഗ്രസ് നേതാവ് രാഹുൾ ഗാന്ധി ഹിമാചൽ പ്രദേശിലും പ്രചാരണ രംഗത്ത്.**

2. **പെരിയാറിൽ മത്സ്യങ്ങൾ ചത്തു പൊങ്ങിയ സംഭവത്തിൽ സബ് കളക്ടറുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുമെന്ന് മന്ത്രി പി. രാജീവ്.**

3. **കാൻ ചലച്ചിത്ര മേളയിൽ തിളങ്ങി ഇന്ത്യ, പുരസ്കാര നേട്ടം പുതു തലമുറ ചലച്ചിത്ര പ്രവർത്തകർക്ക് പ്രചോദനമെന്ന് പ്രധാനമന്ത്രി.**

4. **റേമൽ ചുഴലിക്കൊടുങ്കാറ്റ് ഇന്ന് അർദ്ധരാത്രിയോടെ പശ്ചിമ ബംഗാൾ തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്, സംസ്ഥാനത്ത് മഴ തുടരും.**

5. **ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് കലാശപോരാട്ടം. കിരീടത്തിനായി കൊൽക്കത്ത നൈറ്റ് റൈഡേഴ്സും സൺറൈസേഴ്സ് ഹൈദരാബാദും ഏറ്റുമുട്ടും.**

***************************************

## ലോക്സഭാ - ഏഴാം ഘട്ടം

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അവസാനഘട്ട പ്രചാരണം ഊർജിതം. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന നേതാക്കൾ പ്രചാരണ രംഗത്ത് സജീവമാണ്. ബിജെപിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശിൽ മൂന്ന് റാലികൾ പങ്കെടുത്തു. ബിജെപി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ബിഹാറിലെ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഹിമാചൽ പ്രദേശിലെ ഷിംല മണ്ഡലത്തിൽ രണ്ടിടങ്ങളിൽ റാലികളിൽ സംസാരിച്ചു. എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്കാ ഗാന്ധി പഞ്ചാബിലെ ചണ്ഡീഗഢ്, പാട്യാല എന്നിവിടങ്ങളിൽ പൊതു പരിപാടികളിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ ബിഹാറിലെ സാസാറാമിൽ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്തു.

RNUTVPM

***************************************

## ഡൽഹി- തീപിടുത്തം -അന്വേഷണം

ഡൽഹി വിവേക് വിഹാറിലെ കുട്ടികളുടെ ആശുപത്രിയിലുണ്ടായ തീപിടിത്തത്തെ കുറിച്ച് അന്വേഷണം നടത്താൻ ഡൽഹി ലെഫ്റ്റനൻ്റ് ഗവർണർ വി കെ സക്സേന ഡൽഹി ചീഫ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ അദ്ദേഹം പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകി. അതേസമയം തീപിടിത്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം

രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു. ഇന്നലെ അർധരാത്രിയുണ്ടായ തീപിടുത്തത്തിൽ ആറ് നവജാത ശിശുക്കൾക്കാണ് ജീവൻ നഷ്ടമായത്.

************************************

## പെരിയാർ - പി. രാജീവ്

പെരിയാറിൽ മത്സ്യങ്ങൾ ചത്തു പൊങ്ങിയ സംഭവത്തിൽ സബ് കളക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പി. രാജീവ്. ജില്ലാ കളക്ടർ വഴി റിപ്പോർട്ട് ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കുമെന്ന് അദ്ദേഹം കൊച്ചിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു. ഏത് രാസപദാർത്ഥമാണ് വെള്ളത്തിൽ കലർന്നതെന്ന് വ്യക്തമായാൽ ആ രാസമാലിന്യം പുറത്തുവിടുന്ന കമ്പനിയെ കണ്ടെത്തുമെന്ന് മന്ത്രി പറഞ്ഞു. സബ് കളക്ടറുടെ റിപ്പോർട്ട് ലഭിച്ച ശേഷം ഉന്നതതല യോഗം തിരുവനന്തപുരത്ത് ചേരും. മത്സ്യ കർഷകർക്കുണ്ടായ നഷ്ടം കൂടി പരിഗണിച്ച് ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഉള്ള ശാശ്വതമായ പരിഹാരമാണ് ലക്ഷ്യമിടുന്നത് എന്ന് മന്ത്രി പറഞ്ഞു.

RJIUTVPM

************************************

## വി. മുരളീധരൻ

ബാർ കോഴ വിഷയത്തിൽ ബാർ ഉടമകളെ മാത്രം കുറ്റപ്പെടുത്തി രക്ഷപ്പെടാനുള്ള ശ്രമം ആണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത് എന്ന് കേന്ദ്രസഹമന്ത്രി വി. മുരളീധരൻ. തിരുവനന്തപുരത്ത് മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംഭാവനയുടെ പേരിൽ കൈക്കൂലി വാങ്ങി സർക്കാരിൻറെ നയം

സ്വീകരിക്കുന്നതും ആ നയം തിരുത്തുന്നതും രാജ്യത്തിന്റെയും ജനങ്ങളുടെയും താല്പര്യങ്ങൾക്ക് എതിരാണ് എന്നും അദ്ദേഹം പറഞ്ഞു.

************************************

## ബാർ കോഴ -പ്രതിപക്ഷ നേതാവ്

ബാർ കോഴവിവാദത്തിൽ വിമർശനവുമായി പ്രതിപക്ഷ നേതാവും. മദ്യ നയവുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയിട്ടില്ലെന്ന എക്സൈസ്, ടൂറിസം മന്ത്രിമാരുടെ പ്രസ്താവനകൾ കള്ളമാണെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. രണ്ട് മന്ത്രിമാരും രാജി വച്ച് ജുഡീഷ്യൽ അന്വേഷണം നേരിടണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. വിഷയത്തിൽ ആറ് ചോദ്യങ്ങളും ശ്രീ വി ഡി സതീശൻ സർക്കാരിനുനേരെ ഉന്നയിച്ചു.

************************************

## ടൂറിസം ഡയറക്ടർ-മദ്യനയം

സംസ്ഥാനത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഈ മാസം 21ന് ടൂറിസം ഡയറക്ടർ വിളിച്ചു ചേർത്ത യോഗം സർക്കാരിന്റെ മദ്യനയവുമായി ബന്ധപ്പെട്ടതോ ബാർ ഉടമകളുടേതു മാത്രമായുള്ളതോ അല്ലെന്നു ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ അറിയിച്ചു. ദീർഘകാലമായി ടൂറിസം രംഗം നേരിടുന്ന പ്രശനങ്ങളാണു യോഗത്തിൽ പങ്കെടുത്ത ടൂറിസം മേഖലയിലെ വിവിധ സംഘടനകളുടെയും കൂട്ടായ്മകളുടെയും നേതൃത്വത്തിലുള്ളവർ ഉന്നയിച്ചത്. ഈ വിഷയങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ശുപാർശകളോ അഭിപ്രായങ്ങളോ തീരുമാനങ്ങളോ ടൂറിസം ഡയറക്ടറേറ്റിൽ നിന്നു സർക്കാരിലേക്കു നൽകിയിട്ടില്ലെന്നും ഡയറക്ടർ

RNU TVPM

പറഞ്ഞു. യോഗം വിളിച്ചു ചേർത്തത് ടൂറിസം മന്ത്രിയുടെ നിർദേശപ്രകാരമല്ലെന്നും അവർ വ്യക്തമാക്കി.

***********************************

## നാലുവർഷ ബിരുദ കോഴ്സ് പ്രവേശനം

നാലുവർഷ ബിരുദ കോഴ്സ് പ്രവേശനം സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടി നാളെ മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്യും. കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലെ വളാഞ്ചേരി എം ഇ എസ് കെവിഎം കോളജിലാണ് സംസ്ഥാനതല പരിപാടിയ്ക്ക് തുടക്കമിടുന്നത്. നാലു വർഷ ബിരുദ കോഴ്സ് പ്രവേശനത്തിനായുള്ള ഒരുക്കങ്ങൾ സർവ്വകലാശാലകൾ അതിവേഗം പൂർത്തിയാക്കി വരികയാണെന്ന്മന്ത്രി ബിന്ദു പറഞ്ഞു.

***********************************

## ജി. ആർ. അനിൽ

ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ 45-മത് സംസ്ഥാന സമ്മേളനത്തിന്റെ പൊതുസമ്മേളനം മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. രാജ്യം ലോകവിജ്ഞാനത്തിന് നൽകിയ ഏറ്റവും വലിയ സംഭാവനയാണ് ആയുർവേദം എന്ന് മന്ത്രി സൂചിപ്പിച്ചു. പൊതുജനങ്ങളിലേക്ക് ആയുർവേദത്തിന്റെ നന്മകൾ എത്തിക്കുന്നതിൽ നാം ശ്രദ്ധിക്കണം എന്നും മന്ത്രി പറഞ്ഞു.

***********************************

PNU TVPM

## കാൻ ചലച്ചിത്രോത്സവം

77 ആമത് കാൻ ചലച്ചിത്രമേളയിൽ തിളങ്ങി ഇന്ത്യ. മികച്ച രണ്ടാമത്തെ ചിത്രം, അൺ സേർട്ടൻ റിഗാഡ് വിഭാഗത്തിൽ മികച്ച നടി, ഛായാഗ്രാഹക മികവ് എന്നീ വിഭാഗങ്ങളിലാണ് രാജ്യത്തിൻറെ അഭിമാന നേട്ടം. പായൽ കപാഡിയ സംവിധാനം ചെയ്ത ഹിന്ദി_മലയാളം ചിത്രം 'ഓൾ വി ഇമാജിൻ ആസ് ലൈറ്റ് ഗ്രാൻഡ് പ്രി പുരസ്കാരം കരസ്ഥമാക്കി. 80 ശതമാനവും മലയാളഭാഷയിലുള്ള ചിത്രത്തിലെ കേന്ദ്രകഥാപാത്രങ്ങളായി അഭിനയിച്ചത് മലയാളി താരങ്ങളായ കനി കുസൃതിയും ദിവ്യപ്രഭയുമാണ്. ഫെസ്റ്റിവലിലെ അൺ സെർട്ടെയ്ൻ റിഗാർഡ് സെഗ്മെൻറിൽ അനസൂയ സെൻഗുപ്ത മികച്ച നടിക്കുള്ള പുരസ്കാരം നേടി. പ്രശസ്ത ഛായാഗ്രാഹകനും സംവിധായകനുമായ സന്തോഷ് ശിവന് ചലച്ചിത്രമേളയിൽ പിയർ ആഞ്ജിനോ പുരസ്കാരം നൽകി ആദരിച്ചു. പായൽ കപാഡിയയുടെ ചരിത്രനേട്ടത്തിൽ ഇന്ത്യ അഭിമാനിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഈ അംഗീകാരം രാജ്യത്തെ പുതിയ തലമുറയിലെ ചലച്ചിത്ര പ്രവർത്തകർക്ക് പ്രചോദനം കൂടിയാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

RNUTVPM

*************************************

## നെടുമ്പാശ്ശേരി ഹജ്ജ്

നെടുമ്പാശ്ശേരി ഹജ്ജ് ക്യാമ്പിൽ നിന്നുള്ള 278 തീർത്ഥാടകർ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഹജ്ജ് കർമ്മം നിർവഹിക്കുന്നതിന് ജിദ്ദയിലേക്ക് യാത്ര തിരിച്ചു. 150 പുരുഷന്മാരും 128 സ്ത്രീകളുമാണ് ഇന്നത്തെ യാത്ര സംഘത്തിലുള്ളത്.

*************************************

**ഹജ്ജ് - ഇൻട്രോ**

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിലെ എമ്പാർക്കേഷൻ പോയിൻറിൽ നിന്ന് ഈ വർഷം പുറപ്പെടുന്ന ഹജ്ജ് വിമാനങ്ങളുടെ അന്തിമ പട്ടിക തയ്യാറായി. ജൂൺ ഒന്നിന് പുലർച്ചെ 5.55ന് ആണ് ആദ്യവിമാനം.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

(വോയ്സ്)

***********************************

**രാജീവ് ചന്ദ്രശേഖർ**

മഴക്കെടുതി മൂലം തിരുവനന്തപുരം നിവാസികൾ അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ. വെള്ളപ്പൊക്ക ദുരിതങ്ങൾ ലഘൂകരിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി സംസ്ഥാനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അദ്ദേഹം പറഞ്ഞു. ഈ മാസം അവസാനത്തോടെ ഇത് സംബന്ധിച്ച പദ്ധതി സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

***********************************

**റെമൽ - ഇന്ത്യൻ നാവിക സേന**

റേമൽ ചുഴലിക്കൊടുങ്കാറ്റ് ഇന്ന് അർദ്ധരാത്രിയോടെ വടക്കോട്ട് നീങ്ങി കൂടുതൽ ശക്തി പ്രാപിച്ച് ബംഗ്ലാദേശിനെയും അതിനോട് ചേർന്നുള്ള പശ്ചിമ ബംഗാൾ തീരങ്ങളെയും

RNU TVPM

ബാധിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മുന്നറിയിപ്പിനെ തുടർന്ന് അടിയന്തിരസാഹചര്യം നേരിടാൻ ഇന്ത്യൻ നാവിക സേന സജ്ജമായി. മരുന്നുകളും മറ്റു അടിയന്തിര അവശ്യ വസ്തുക്കളുമായി രണ്ടു കപ്പലുകൾ നാവിക സേന തയാറാക്കി.

***********************************

മഴ

സംസ്ഥാനത്ത് ബുധനാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ എന്നിവയ്ക്ക് സാധ്യതയുള്ളതിനാൽ ജാഗ്രത തുടരണമെന്നും മുന്നറിയിപ്പുണ്ട്.

***********************************

RNU TVPM

ഐ.പി.എൽ - ഇൻട്രോ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് കലാശപോരാട്ടം. കിരീടത്തിനായി കൊൽക്കത്ത നൈറ്റ് റൈഡേഴ്സും സൺറൈസേഴ്സ് ഹൈദരാബാദും തമ്മിലുള്ള മത്സരത്തിന് ചെന്നൈ നഗരം സാക്ഷിയാകും. രാത്രി 7.30ന് എം. എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

**ആകാശവാണിക്ക് വേണ്ടി സുരേഷ് ബാബു തയാറാക്കിയ റിപ്പോർട്ട്...**

(വോയ്സ്)

***************************************************

***********************************

*********************